**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3598** **05-08-2021 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി ഫാക്ടറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര കശുവണ്ടി ഫാക്ടറികൾ ഉണ്ടെന്നും അവയിൽ ഏതെല്ലാം പ്രവർത്തിക്കുന്നുവെന്നും ഏതൊക്കെ അടഞ്ഞുകിടക്കുന്നുവെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | വാമനപുരം നിയോജക മണ്ഡലത്തിൽ കേരള കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും നിയന്ത്രണത്തിൽ കശുവണ്ടി ഫാക്ടറികൾ ഒന്നും തന്നെ ഇല്ല. എന്നാൽ ടി നിയോജക മണ്ഡലത്തിൽ സ്വകാര്യ മേഖലയിലുള്ള 8 കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കടക്കെണിയിലായതും അടഞ്ഞു കിടക്കുന്നതുമായ സ്വകാര്യ കശുവണ്ടി ഫാക്ടറികളെ പുനരുദ്ധരി ക്കുന്നതിന്റെ ഭാഗമായി 06.02.2019 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാന പ്രകാരം പ്രതിസന്ധി യിലായ സ്വകാര്യ കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവി പ്പിക്കുന്നതിനുള്ള പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കുമെന്നുള്ള മേൽ യോഗ തീരുമാനത്തെ തുടർന്ന് ഇതിനായി 25 കോടി രൂപ 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും തുടർന്ന് ഓരോ കശുവണ്ടി യൂണിറ്റുകളും പലിശയിനത്തിൽ ബാങ്കുകൾക്ക് നൽകാനുള്ള തുകയുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ SLBC കൺവീനർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 304.44 ലക്ഷം രൂപ സർക്കാർ SLBC-യ്ക്ക് നൽകിയിട്ടുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 21.12.2020ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു.വ്യവസായ (കശുവണ്ടി) വകുപ്പ മന്ത്രിയുടെ സാന്നിദ്ധ്യത്തിലും കശുവണ്ടി വ്യവസായികളുടെ പ്രതിനിധി, ബാങ്ക് പ്രതിനിധി എന്നിവരുമായി യോഗം |

| | | | |
|---|---|---|---|
| | | | ചേരുകയും കശുവണ്ടി വ്യവസായികളുടെ വിവിധ ബാങ്കുകളിലുള്ള വായ്പകൾ പുനഃക്രമീകരിക്കുന്നതിനും,പുനഃക്രമീകരിക്കാനാകാത്ത വായ്പ കളിന്മേൽ 'ഒറ്റത്തവണ തീർപ്പാക്കൽ' നടപ്പിലാക്കുന്നതിന് ഫോർമുല രൂപീകരിക്കാനുമായി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) കൺവീനർ എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. ഇതുപ്രകാരം രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 3 മീറ്റിംഗുകൾ ഇതിനകം ചേർന്നിട്ടുണ്ട്. തുടർന്ന് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനായി 12.07.2021 ന് ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ പ്രതിനിധികളുമായും ബാങ്ക് പ്രതിനിധികളുമായും യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതുവരെ വ്യവസായികൾക്കെ തിരായ റിക്കവറി നടപടികൾ ഉൾപ്പെടെയുള്ളവ നിർത്തിവയ്ക്കാനുള്ള നിർദ്ദേശം ബാങ്കുകൾക്ക് നൽകുകയും ചെയ്തു. 'ഒറ്റത്തവണ തീർപ്പാക്കൽ' ഫോർമുല സംബന്ധിച്ച് ബാങ്കുകളും വ്യവസായികളും തമ്മിൽ സമവായത്തിലെത്തുന്നതോടെ പ്രതിസന്ധിയിലായതും അടഞ്ഞു കിടക്കുന്നതുമായ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കു ന്നതാണ്. |
| (സി) | അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (സി) | ധനസഹായം നൽകിയിട്ടുണ്ട്. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള, ഒരു വർഷമോ അതിലധികമോ ആയി പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2020 ഓണത്തോടനുബന്ധിച്ച് 2000/- രൂപ എക്സ്ഗ്രേഷ്യയും 10 കിലോ അരിയും അനുവദിക്കുകയും കോവിഡ്- 19 ന്റെ പശ്ചാത്തലത്തിൽ അരി വിതരണത്തിനായി വകയിരുത്തിയിരുന്ന തുക കൂടി ഉൾപ്പെടുത്തി 2250/- രൂപയായി എക്സ്ഗ്രേഷ്യാ ഉയർത്തി നൽകുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ ഏറ്റെടുക്കുമെന്നുള്ള മേൽ യോഗ തീരുമാനത്തെ തുടർന്ന് ഇതിനായി 25 കോടി രൂപ 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും തുടർന്ന് ഓരോ കശുവണ്ടി യൂണിറ്റുകളും പലിശയിനത്തിൽ ബാങ്കുകൾക്ക് നൽകാനുള്ള തുകയുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ SLBC കൺവീനർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 304.44 ലക്ഷം രൂപ സർക്കാർ SLBC-യ്ക്ക് നൽകിയിട്ടുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിലെ പ്രശ്നങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | പരിഹരിക്കുന്നതിനായി 21.12.2020ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു.വ്യവസായ (കശുവണ്ടി) വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും കശുവണ്ടി വ്യവസായികളുടെ പ്രതിനിധി, ബാങ്ക് പ്രതിനിധി എന്നിവരുമായി യോഗം ചേരുകയും കശുവണ്ടി വ്യവസായികളുടെ വിവിധ ബാങ്കുകളിലുള്ള വായ്പകൾ പുനഃക്രമീകരിക്കുന്നതിനും, പുനഃക്രമീകരിക്കാനാകാത്ത വായ്പ കളിന്മേൽ 'ഒറ്റത്തവണ തീർപ്പാക്കൽ' നടപ്പിലാക്കുന്നതിന് ഫോർമുല രൂപീകരിക്കാനുമായി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) കൺവീനർ എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 3 മീറ്റിംഗുകൾ ഇതിനകം ചേർന്നിട്ടുണ്ട്. തുടർന്ന് ധനസഹായ വിതരണത്തിനായി ഒരു വർഷത്തിലധികമായി പൂട്ടിക്കിടന്ന 287 കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 4,70,29,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. കോവിഡ്- 19 മഹാമാരിയെ തുടർന്ന് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച ഒന്നാം ഘട്ട ലോക്ഡൗൺ കാലയളവിൽ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 71364 തൊഴിലാളികൾക്ക് 1000/- രൂപ നിരക്കിൽ 7,13,64,000/- രൂപ ധനസഹായമായി വിതരണം ചെയ്തിരുന്നു. 1000/- രൂപ നിരക്കിൽ രണ്ടാംഘട്ട ധനസഹായം നൽകുന്നതിനായി കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന് സർക്കാർ 7,11,13,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ആയത് തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം (ചോദ്യം എ)**

| **പ്രവർത്തിക്കുന്ന ഫാക്ടറികൾ** | **അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ** |
|---|---|
| എം.എ.കെ കാഷ്യു, കമ്പനി, കുറ്റിമൂട് | ആലിയ കാഷ്യു കമ്പനി, ഭരതന്നൂർ |
| മാസ്സ് കാഷ്യുസ്, ഭരതന്നൂർ | അബാൻ കാഷ്യു കമ്പനി, ഭരതന്നൂർ |
| സതേൺ കാഷ്യു, കല്ലറ | അന്നാ കാഷ്യു കമ്പനി, കല്ലറ |
| സായ് എക്സ്പോർട്ട്സ്, ഭരതന്നൂർ | |
| സൗത്ത് കേരള കാഷ്യു കമ്പനി, ആനാട് | |